കാര്യംകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ? ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്.

ശ്രീ. ഇ.കെ. നായനാർ : ഞാൻ ഗൾഫിൽ പോയ സമയത്ത് ചോദ്യമുണ്ടായതാണ്. ഞങ്ങൾക്ക് വോട്ടവകാശം കിട്ടുമോയെന്നുള്ളത്. ഗൾഫ് മലയാളികൾക്കാർക്കും ഇവിടെ റേഷനുണ്ടായിരുന്നില്ല. ഇപ്പോൾ അവർക്ക് റേഷൻകാർഡ് നൽകിയിട്ടുണ്ട്. അത് ഒരു പുതിയ നടപടിക്രമമാണ്. വോട്ടിംഗിന്റെ കാര്യത്തിൽ സ്റ്റേറ്റിന് മാത്രമായി ചെയ്യാൻ കഴിയുകയില്ല. അതിന് കോൺസ്റ്റിറ്റ്യൂഷണലായി ഭേദഗതി വരുത്തണം. അതുകൊണ്ട് അത് കൂടുതൽ ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. എല്ലാ കക്ഷികളുംകൂടി ചേർന്ന് അതിനൊരു തീരുമാനമെടുക്കണം. അതിനുശേഷം നമ്മൾ ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെടണം

ഡോ. സെബാസ്റ്റ്യൻ പോൾ : വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളികൾ ഏതൊക്കെ തരത്തിലുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടാണെന്നുള്ളത് സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭ്യമായിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ട്. ഇവിടത്തെ ജയിലിൽ നൈജീരിയക്കാർ ഉണ്ട്. ഈ രാജ്യത്ത് കഞ്ചാവുപോലുള്ള വസ്തുക്കൾ വിൽപ്പന നടത്താനും കൊണ്ടുവരാനും ശ്രമിച്ചതിന്റെ ഫലമായിട്ടുള്ള കുറ്റവാളികളെ ജയിലിൽ വച്ചിട്ടുണ്ട്. അവരെ വിടാൻ കാലാവധി നിശ്ചയിച്ചിട്ടില്ല. ഈ കേസ്സിന്റെ വകുപ്പുകളും അത്തരം വകുപ്പുകളാണ്.

5 (*398) ഉപഭോക്തൃ സംരക്ഷണം

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കൾ നേരിടുന്ന ചൂഷണങ്ങളുടെ വൈപുല്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച സമഗ്രമായ ഒരു സർവ്വേ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഉപഭോക്താക്കൾ നേരിടുന്ന ചൂഷണത്തെപ്പറ്റി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ;

(ഡി) ഇവ വിപുലപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഇ) ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് പുതുതായി സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി)ഉപഭോക്താക്കൾ നേരിടുന്ന ചൂഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആവശ്യമായ പരിഹാരമാർഗ്ഗവും കണ്ടെത്താറുണ്ട്. ഇതു സംബന്ധിച്ച് ഒരു സർവ്വേ നടത്തേണ്ട സാഹചര്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

(സി)&(ഡി) താഴെപ്പറയുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

1) എല്ലാ വർഷവും മാർച്ച് 15-ാം തീയതി സിവിൽ സപ്ലൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉപഭോക്തൃദിനം സമുചിതമായ രീതിയിൽ ആചരിക്കുക.

2) ഉപഭോക്തൃ ബോധവൽക്കരണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തിരം നിർമ്മിച്ച വീഡിയോ ഫിലിം പ്രദർശിപ്പിക്കുക.

3) ഉപഭോക്തൃ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി രൂപീകരിച്ച കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ യോഗങ്ങൾ നടത്തുക.

4) നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകൾക്ക് അവാർഡ് നൽകുക.

(ഇ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെയും ജില്ലാ ഫോറങ്ങളുടേയും പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ അവലോകനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും കമ്പ്യൂട്ടർ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. പുറമെ സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറത്തിനും തിരുവനന്തപുരത്തും എറണാകുളത്തും ഇടുക്കി ജില്ലാ ഫോറങ്ങൾക്കും സ്വന്തം കെട്ടിടം പണി പുരോഗമിച്ചുവരുന്നു. എല്ലാ ജില്ലാ ഫോറങ്ങൾക്കും സ്വന്തമായ കെട്ടിടം ഘട്ടം ഘട്ടമായി ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(എഫ്)സി, ഡി വിഭാഗങ്ങൾക്കുള്ള മറുപടി കണ്ടാലും.

<u>ഡോ. കെ.സി. ജോസഫ്</u> : ഉപഭോക്താക്കൾ നേരിടുന്ന ചൂഷണങ്ങൾ സംബന്ധിച്ചുള്ള കേസ്സുകൾ കൂടുതൽ വരുന്നത് തീരുമാനമെടുക്കാൻ വളരെയേറെ കാലതാമസം വരുന്നതുകൊണ്ട് അവയ്ക്ക് പരിഹാര നടപടികളുണ്ടാകുന്നില്ലെന്നുള്ളതുകൊണ്ട് അവയ്ക്ക് പരിഹാര മാർഗ്ഗമെന്നുള്ള നിലയിൽ ഏറ്റവും വേഗം അത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയത്തക്കനിലയിലുള്ള ഒരു സംവിധാനമുണ്ടാക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : അത് ശരിയല്ല. ഇപ്പോൾ കമ്മിഷന്റെ മുൻപിലാണെങ്കിൽ 92.47 ആണ് ഡിസ്പോസൽ റേറ്റ്. ഡിസ്ട്രിക്ട് ഫോറത്തിലാണെങ്കിൽ 93.96 ആണ്. ഇന്ന് ഇത്രയും വേഗത്തിൽ ഒരു തർക്കം ഡിസ്പോസ് ചെയ്യുന്ന ഒരു സംവിധാനമില്ല. അപൂർവ്വം ചില കേസ്സുകളേ താമസിക്കുന്നുള്ളു.

<u>ഡോ. കെ.സി. ജോസഫ്</u> : ചില നല്ലനിലയിൽ പ്രവർത്തിക്കുന്ന ഉപഭോക്തൃ സമിതികൾക്ക് അവാർഡുകൾ നൽകുന്നുവെന്ന് പറയുന്നു. അത്തരം സമിതികൾ ഓരോ പ്രദേശത്തും ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് നിയതമായ ഒരു രൂപം ഗവൺമെന്റ് നൽകിയിട്ടുണ്ടോ? അതിന്റെ ഘടന എങ്ങനെയാണ്, ഏതെല്ലാം തലത്തിലാണ് അത്തരം സമിതികളുണ്ടാക്കുന്നത്, അതിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയതമായ രൂപമില്ലെങ്കിൽ അത്തരം രൂപമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ അവർക്ക് രജിസ്റ്റർ ചെയ്യാം. അത് കുറെക്കൂടി ഭംഗിയായി നടത്തത്തക്ക രീതിയിൽ നിയമാവലിയുണ്ടാക്കുന്നകാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആന്റണി രാജു : ഉപഭോക്തൃ ഫോറങ്ങളുടെ അദ്ധ്യക്ഷനുൾപ്പെടെയുള്ള അംഗങ്ങളുടെ ഒഴിവുകൾ യഥാസമയം നികത്താത്തതുമൂലം ഉപഭോക്താക്കൾക്ക് പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരത്തുതന്നെ മൂന്നു മാസം വേണ്ടിവന്നു ഒഴിവ് നികത്താൻ. യഥാസമയം ഒഴിവു നികത്തി ഉപഭോക്താക്കൾക്ക് സൗകര്യപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ചിലപ്പോൾ ചില ഡിലേ വന്നിട്ടുണ്ട്. ഡിസ്ട്രിക്ട് ജഡ്ജസിന്റെ പാനൽ കിട്ടാൻ, അതുപോലെ മറ്റ് മെമ്പർമാരെ സംബന്ധിച്ചുള്ള പരിശോധന നടത്താൻ, ചില ജഡ്ജിമാരുടെ പാനൽ കൺസിഡർ ചെയ്യുമ്പോൾ അവരുടെ ഏജ് മാറിപ്പോകുന്നുണ്ട്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഡിലേ വരാതിരിക്കാൻ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ആന്റണി രാജു : സർ, അളവുകളിലും തൂക്കങ്ങളിലുമാണ് ഉപഭോക്താക്കൾ കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നത്. ഇതിനൊരു പരിഹാരമെന്നുള്ള നിലയ്ക്ക് നമ്മുടെ പൊതുമാർക്കറ്റുകളിൽ എങ്കിലും ഇപ്പോൾ തൂക്കിക്കൊടുക്കുന്ന സാധനങ്ങൾ വീട്ടിൽ കൊണ്ടുപോയി തൂക്കി നോക്കുമ്പോഴാണ് അതിന്റെ വ്യത്യാസം മനസ്സിലാകുന്നത്. പാളയം മാർക്കറ്റിൽ നമുക്ക് പൊതുവായ ഒരു ബൂത്ത് വിദേശരാജ്യങ്ങളിൽ ഉള്ളതുപോലെ ഈ തൂക്കിക്കൊടുക്കുന്ന അളവ് ശരിയാണോയെന്ന് പരിശോധിക്കാൻ പരീക്ഷണാടിസ്ഥാനത്തിലെങ്കിലും പ്രധാനപ്പെട്ട ഒന്ന് രണ്ട് മാർക്കറ്റുകളിലെങ്കിലും ഇത് സ്ഥാപിക്കുന്നകാര്യം ഗവൺമെന്റ് ആലോചിക്കുമോ, പരിഗണിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് കൈകാര്യം ചെയ്യുന്നത് ലീഗൽ മെട്രോളജി വകുപ്പാണ്. ഞാൻ ഈ നിർദ്ദേശം ലീഗൽ ആന്റ് മെട്രോളജി വകുപ്പിനെ അറിയിക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*399) കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :

LIBRARY ARCHIVES Kerala Legislative Assembly